## ശ്രീമദ്ഭാഗവതം നിത്യപാരായണം 289–ാം ദിവസം

ജയ ശബ്ദോ നമശ്ശബ്ദ: സാധു സാദ്ധ്വിതി ചാംബരേ
സുരസിദ്ധമുനീന്ദ്രാണാമാസീത് കുസുമ വർഷിണാം **(10–67–27)**
ഏവം നിഹത്യ ദ്വിവിദം ജഗദ്വ്യതി കരാവഹം
സംസ്തൂയമാനോ ഭഗവാജ്ഞനൈ: സ്വപുരമാവിശൽ **(10–67–28)**

*ശുകമുനി തുടർന്നു:*
അക്കാലത്ത് ദ്വിവിദൻ എന്ന് പേരിൽ ഒരു വാനരൻ നരകാസുരൻെറ സുഹൃത്തായി വാണിരുന്നു. ഭഗവാൻ നരകനെ വധിച്ചതിൻെറ പക തീർക്കാനായി നാട്ടിലവൻ നാശനഷ്ടങ്ങൾ വരുത്തി വന്നു. പതിനായിരം ആനകളുടെ ശക്തിയുണ്ടായിരുന്നു അവനെന്നാണ് കഥ. കൃഷ്ണൻെറ രാജ്യാതിർത്തിക്കുള്ളിലായിരുന്നു അവൻെറ സംഹാരപ്രവൃത്തികൾ. അവൻ മലകളിടിച്ചും വീടുകൾ നശിപ്പിച്ചും, വെള്ളപ്പൊക്കമുണ്ടാക്കി കടലോരങ്ങളിലെ ഗൃഹങ്ങൾ നശിപ്പിച്ചും രസിച്ചു. മാമുനിമാരുടെ പർണ്ണശാലകളെ ആക്രമിക്കാനും അവൻ മടി കാണിച്ചില്ല. അവരുടെ യാഗസ്ഥലങ്ങളെ അവൻ വൃത്തികേടാക്കി. ആണുങ്ങളെ തടവിലാക്കി അവരുടെ സ്ത്രീകളെ അവൻ മാനഭംഗപ്പെടുത്തി.

ഒരു ദിനം രൈവതകമലയുടെയടുക്കൽ മധുരസംഗീതം കേട്ട് ദ്വിവിദൻ അവിടെയെത്തി. ബലരാമൻ ഒരു കൂട്ടം സ്ത്രീകളുമായി ലീലയിലേർപ്പെട്ടിരിക്കുന്നു. കാടുനശിപ്പിച്ചും മർക്കടചേഷ്ടകൾ കാണിച്ചും അവൻ ബലരാമനെ ക്രുദ്ധനാക്കി. ബലരാമൻ വലിയൊരു കല്ലെടുത്ത് അവനെയിടിച്ചു. വാനരൻ അതൊഴിവാക്കി വീണ്ടും സ്ത്രീകളെ ശല്യപ്പെടുത്തി. പിന്നീട് അവിടെ വലിയൊരു ദ്വന്ദയുദ്ധം നടന്നു. മരങ്ങളും പാറകളും അവർ പരസ്പരം വലച്ചെറിഞ്ഞു. മുഷ്ടി ചുരുട്ടി ദ്വിവിദൻ ബലരാമൻെറ നെഞ്ചിൽ ആഞ്ഞടിച്ചു. ബലരാമനും തൻെറ ആയുധങ്ങൾ വലിച്ചെറിഞ്ഞ് അവനെ മുഷ്ടികൊണ്ട് പ്രഹരിക്കാൻ തുടങ്ങി. തോളെല്ലു പൊട്ടി രക്തം ഛർദ്ദിച്ച് അവൻ നിലത്തു കുഴഞ്ഞു വീണ് മരിച്ചു. “ദേവൻമാരും മഹാത്മാക്കളും ആകാശനൗകകളിൽ നിന്ന്കൊണ്ട് യുദ്ധം കാണുന്നുണ്ടായിരുന്നു. ബലരാമനു മേൽ അവർ പുഷ്പവൃഷ്ടി നടത്തി. അവിടുന്നു ജയിക്കട്ടെ.”

“വിജയീഭവ” എന്നിങ്ങനെയും “ഭേഷ്, ബലേഭേഷ്” എന്നും പറഞ്ഞ് അവർ ബലരാമനെ അനുഗ്രഹിച്ചു. ദ്വിവിദനെ കൊന്ന് നാടിനെ രക്ഷിച്ച് ബലരാമൻ നഗരത്തിൽ തിരിച്ചെത്തിയപ്പോൾ ജനങ്ങൾ അദ്ദേഹത്തിൻെറ മഹിമകൾ വാഴ്ത്തി.